3. 2004-ലെ കേരള പഞ്ചായത്ത് രാജ് നഗരപാലികാ മെമ്പേഴ്സ് ക്ഷേമനിധി ബിൽ

(പ്രമേയാവതാരകൻ ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ഹാജരില്ലാത്തതിനാൽ പ്രസ്തുത ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർച്ച

1. വിദ്യാർത്ഥികൾക്കും പ്രായപൂർത്തിയാകാത്തവർക്കും മദ്യം നൽകുന്നതും അവർ മദ്യപാനം ചെയ്യുന്നതും നിരോധിക്കുന്നതിനുള്ള 2002-ലെ കേരള ബിൽ

(ശ്രീ. ടി. എൻ. പ്രതാപൻ നോട്ടീസ് നൽകിയത് ചർച്ച തുടർച്ച)

ശ്രീ. ടി. എൻ. പ്രതാപൻ: സർ, വിദ്യാർത്ഥികൾക്കും പ്രായപൂർത്തിയാകാത്തവർക്കും മദ്യം നൽകുന്നതും അവർ മദ്യപാനം ചെയ്യുന്നതും നിരോധിക്കുന്നതിനുള്ള 2002-ലെ ബിൽ തുടരുകയാണ്. മദ്യത്തിന്റെ വിൽപ്പനയിലും ഉപഭോഗത്തിലും ഭാരതത്തിന് വളരെ ഉയർന്ന സ്ഥാനമാണുള്ളത്. മദ്യം കഴിക്കുന്നത് ഫാഷനായി തുടങ്ങി ഒരു ശീലമായിത്തീർന്നു. അതില്ലാതെ ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് സംസ്ഥാനത്തിലെ പരിഗണനീയമായ ഒരു വിഭാഗം എത്തിയിട്ടുണ്ട്. അതിൽ വിദ്യാർത്ഥികൾക്കും പ്രായപൂർത്തിയാകാത്തവർക്കും അവഗണിക്കാൻ പാടില്ലാത്ത ഒരു സ്ഥാനമുണ്ട് എന്നതാണ് ഇന്നത്തെ പച്ചയായ സത്യം. എട്ടും ഒൻപതും ക്ലാസുകളിൽ പഠിക്കുന്നവർ മദ്യപിച്ചിട്ട് ക്ലാസുകളിൽ പോയി അവിടെ കുഴഞ്ഞു വീഴുന്നത് സംബന്ധിച്ച വാർത്തകൾ നമ്മുടെ വർത്തമാന പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് നമ്മളെ എല്ലാപേരേയും അത്ഭുതപ്പെടുത്തുകയാണ്. മിക്ക കോളേജുകളിലും മദ്യപാനം ഒരു ദുശീലം എന്നതിന് ഉപരിയായി ഒരു ശീലമായി മാറിക്കഴിഞ്ഞിട്ടുള്ളതായി നമ്മൾ ഭയപ്പെടുകയാണ്. കോളേജുകളിൽ വിദ്യാർത്ഥിനികളിൽപോലും ഈ പ്രവണത വളരെ കുറഞ്ഞ തോതിലെങ്കിലും കാണപ്പെടുന്നു എന്നത് പച്ചയായ സത്യമാണ്. വിദ്യാർത്ഥികളല്ലാത്ത പ്രായപൂർത്തിയാകാത്തവരിൽ ധാരാളം പേർ മദ്യത്തിന്റെ അടിമകളാണ്. പുഷ്പിച്ചു വരുന്ന തലമുറ മദ്യത്തിന് വശംവദരാകുന്നത് സമൂഹത്തെ ദു:ഖിപ്പിക്കുന്നിടംവരെ എത്തിച്ചിരിക്കുകയാണ്. നാളത്തെ സമൂഹത്തിന്റെ ഉത്തമ അംശമായി തീരേണ്ട ഇന്നത്തെ വിദ്യാർത്ഥികളും യൗവ്വനപ്രാപ്തിയിലേയ്ക്ക് കാലൂന്നുന്നവരും മദ്യപാനികളും മദ്യാസക്തരുമായി തീരുന്നതും നാളയെ നാശത്തിലേയ്ക്ക് നയിക്കും എന്ന് പ്രത്യേകം പറയേണ്ടതില്ല. ഈ പ്രവണതയ്ക്ക് തടയിടേണ്ടത് അനിവാര്യമാണ്. നാളെ ശോഭനമാകേണ്ട ഭാവിപൗരൻമാരായ വിദ്യാർത്ഥികളുടേയും യൗവ്വന പ്രാപ്തിയിലേയ്ക്ക് എത്തുന്നവരുടേയും മദ്യപാനം നിരോധിക്കേണ്ടത് അനിവാര്യമാണ്. അതിനുവേണ്ടി ഇത്തരക്കാർക്ക് മദ്യം നൽകുന്നതും മദ്യം കുടിക്കുന്നതും കടുത്ത ശിക്ഷയ്ക്ക് വിധേയമാക്കേണ്ടത് അനുപേക്ഷണീയമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഞാൻ എന്റെ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly